(ഇ) ഈ വകുപ്പുകളുടെ പ്രാധാന്യമാണ് അവ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം.

(എഫ്) എം.ജി.പി. പുറപ്പെടുവിച്ച പ്രധാന ഉത്തരവ് (സർവ്വീസ് ഡെലിവറി പ്രോജക്ടിൻ കീഴിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്) അനുബന്ധം † ആയി വച്ചിരിക്കുന്നു. ഇതിനു പുറമെയുള്ള എല്ലാ ഉത്തരവുകളും സാധാരണ ദൈനംദിന കാര്യങ്ങൾക്കായുള്ളവയാണ്. ഇവ എം.ജി.പി.-യുടെ ഇന്റർനെറ്റ് ജാലികയായ www.keralamgp.org-ൽ പൂർണ്ണരൂപത്തിൽ ലഭ്യമാണ്.

എ.ഡി.ബി. രണ്ടാം ഗഡുവായ്പ

8 [320] ശ്രീ. പി. സി. ജോർജ്ജ്:
„ കെ. പി. സതീശ്ചന്ദ്രൻ:
„ വി. കെ. ചന്ദ്രൻ:
„ മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ വികസന ബാങ്കിന്റെ രണ്ടാം ഗഡു വായ്പ സംബന്ധിച്ച് സംസ്ഥാന സർക്കാർ എ.ഡി.ബി. പ്രതിനിധികളുമായി ചർച്ച നടത്തിയോ;

(ബി) എങ്കിൽ എന്നാണ് ചർച്ച നടത്തിയത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചർച്ചയുടെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു വായ്പ എന്നത്തേയ്ക്കു ലഭിയ്ക്കുമെന്ന് അറിയിയ്ക്കാമോ;

(ഡി) ഒന്നാം ഗഡു വായ്പ നൽകിയ സമയക്രമം അനുസരിച്ച് രണ്ടാം ഗഡു വായ്പ എന്നാണ് ലഭിയ്ക്കേണ്ടിയിരുന്നത്;

(ഇ) ഒന്നാം ഗഡു വായ്പ അനുവദിച്ചപ്പോൾ എ.ഡി.ബി. എന്തെല്ലാം വ്യവസ്ഥകളാണ് മുന്നോട്ട് വെച്ചത്; പ്രസ്തുത വ്യവസ്ഥകൾ നടപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(എഫ്) രണ്ടാം ഗഡു വായ്പ നൽകുന്നതിനു മുമ്പായി പാലിയ്ക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്; പ്രസ്തുത വ്യവസ്ഥകൾ സംസ്ഥാന സർക്കാർ പാലിച്ചിട്ടുണ്ടോ;

(ജി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ കോപ്പി മേശപ്പുറത്തുവയ്ക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഭാഗമായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഐ) ഇതിന്റെ ഫലമായി ധനമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്തുവാനും കഴിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഈ സാമ്പത്തിക വർഷം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) വ്യവസ്ഥകൾ അനുബന്ധമായി കൊടുത്തിട്ടുള്ള പോളിസി മാട്രിക്സിൽ കാണാവുന്നതാണ്. ഇതിൽ മിക്കവാറും എല്ലാ വ്യവസ്ഥകളും നടപ്പാക്കിയിട്ടുണ്ട്.

(എഫ്) വ്യവസ്ഥകൾ അനുബന്ധമായി † കൊടുത്തിട്ടുള്ള പോളിസി മാട്രിക്സിൽ കാണാവുന്നതാണ്. മിക്കവാറും എല്ലാ വ്യവസ്ഥകളും പാലിച്ചിട്ടുണ്ട്.

(ജി) ഭരണ നവീകരണ പരിപാടികളും സാമ്പത്തിക പരിഷ്ക്കാരങ്ങളും നടപ്പിലാക്കിവരുന്നു. ഇത് സംബന്ധിച്ച് വിവിധ വകുപ്പുകളിൽനിന്ന് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും എം.ജി.പി. വെബ് സൈറ്റിൽ ലഭ്യമാണ്.

(എച്ച്) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും റവന്യൂകമ്മിയും ധനകമ്മിയും കുറയ്ക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും സാമ്പത്തിക ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനും ആവശ്യമായ ബജറ്റ് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിവരുന്നു.

(ഐ) ഉണ്ട്.

സംസ്ഥാനത്തിന്റെ 2003-2004 വർഷത്തെ സാമ്പത്തികസ്ഥിതി

9 [321] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഓരോ വകുപ്പിനും നീക്കിവയ്ക്കപ്പെട്ട തുക എത്ര; ഇതിനകം എത്ര തുക ചെലവഴിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) 2003-2004-ലെ വിഭവസമാഹരണലക്ഷ്യം ഓരോ വകുപ്പിലും എത്രയായിരുന്നു; എത്ര സമാഹരിക്കുകയുണ്ടായി;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly